കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ്- ജീവനക്കാര്യം- റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (സി) വകുപ്പ്

സ.ഉ.(സാധാ) നം.277/2022/TRANS തീയതി,തിരുവനന്തപുരം, 08-07-2022

പരാമർശം: 1) 19.03.2022-ലെ സ.ഉ.(അച്ചടി) നം.8/2022/ഗതാഗതം

2) ട്രാൻസ്പോർട്ട് കമ്മിഷണറുടെ, 16.06.2022-ലെ, A1/6/2022-TC-നമ്പർ കത്ത്

ഉത്തരവ്

ട്രാൻസ്പോർട്ട് കമ്മീഷണറുടെ, പരാമർശം (2)-ലെ, കത്തിന്റെ അടിസ്ഥാനത്തിൽ, മോട്ടോർ വാഹന വകുപ്പിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിൽ ചുവടെപ്പറയുന്ന സ്ഥലംമാറ്റം/സ്ഥാനക്കയറ്റം, ഉടൻ പ്രബല്യത്തിൽ, നടപ്പിലാക്കി ഉത്തരവാകുന്നു.

1. മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. സഹദേവൻ വി.എ.-യെയും വടകര റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. സി.വി.എം. ഷെരീഫിനെയും, ഭരണ സൗകര്യാർത്ഥം, പരസപരം സ്ഥലംമാറ്റി നിയമിക്കുന്നു;
2. മലപ്പുറം (എൻഫോഴ്സ്മെന്റ്) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. സുരേഷ് കുമാർ കെ.കെ.-യെ, തൃശ്ശൂർ (എൻഫോഴ്സ്മെന്റ്) റീജിയണൽ ട്രാൻസ്പോർട്ട് ഓഫിസർ ശ്രീ.ഗോകുൽ ടി.ജി. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടതുമൂലം വന്ന ഒഴിവിൽ, ഭരണ സൗകര്യാർത്ഥം, മാറ്റി നിയമിക്കുന്നു;
3. കണ്ണൂർ (എൻഫോഴ്സ്മെന്റ്) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. പ്രമോദ് കുമാർ ഒ.-യെ, മലപ്പുറം (എൻഫോഴ്സ്മെന്റ്) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. സുരേഷ് കുമാർ കെ.കെ.-യെ സ്ഥലം മാറ്റുന്ന ഒഴിവിൽ, ഭരണ സൗകര്യാർത്ഥം, മാറ്റി നിയമിക്കുന്നു.
4. തൃശ്ശൂർ (എൻഫോഴ്സ്മെന്റ്) റീജിയണൽ ട്രാൻസ്പോർട്ട് ഓഫിസർ ശ്രീ. ഗോകുൽ ടി.ജി., കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടതുമൂലം ഒഴിവുവന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിൽ, പരാമർശം (1) പ്രകാരമുള്ള, സെലക്ട് ലിസ്റ്റിൽ സീനിയറായ, ഇരിട്ടി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീമതി ഷീബ എ.സി.-ക്ക്, കെ.എസ്.&എസ്.എസ്.ആർ. ഭാഗം II-ലെ ചട്ടം 28(b)(i)പ്രകാരം, റെഗുലർ അടിസ്ഥാനത്തിൽ, 63,700-1,23,700/- ശമ്പളസ്കെയിലിൽ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി, കണ്ണൂർ (എൻഫോഴ്സ്മെന്റ്) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. പ്രമോദ് കുമാർ ഒ.-യെ സ്ഥലം മാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINOD K

ജോയിന്റ് സെക്രട്ടറി

ട്രാൻസ്‌പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്‌പോർട്ട് കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്‌പോർട്ട് കമ്മീഷണർ മുഖേന)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Anju P K**

**Date: 11-07-2022 10:55:48**

സെക്ഷൻ ഓഫീസർ

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സി.എ.-ക്ക്